കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുമ്പളം ഗ്രാമപഞ്ചായത്ത് - മത്സ്യ ബന്ധനത്തിന് വല നൽകുന്ന പദ്ധതി- ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 234/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 02.02.2019

പരാമർശം :- 1. കുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.11.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17/01/2019-ലെ 4.9 നമ്പർ തീരുമാനം .

ഉത്തരവ്

മത്സ്യ ബന്ധനത്തിന് വല നൽകുന്നതിനുള്ള പ്രോജക്ട് (പ്രോ.നം.63/19 അടങ്കൽ 4,00,000) കുമ്പളം ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം രജിസ്റ്റേഡ് വള്ളങ്ങളുടെ ഉടമസ്ഥർക്കാണ് വല നൽകാവുന്നത്. പഞ്ചായത്തിൽ രജിസ്റ്റേഡ് വള്ള ഉടമകൾ ഇല്ല അതിനാൽ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാണെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകി പ്രൊജക്ട് നടപ്പിലാക്കാനുള്ള അനുമതിക്കായി കുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യതൊഴിലാളികളാണെന്ന് ബന്ധപ്പെട്ട മത്സ്യബന്ധന വികസന വകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രമനുസരിച്ച് ധനസഹായം നൽകി മത്സ്യ ബന്ധനത്തിന് വല എന്ന പ്രോജക്ട് നടപ്പാക്കാൻ കുമ്പളം ഗ്രാമപഞ്ചായത്തിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്,കുമ്പളം ഗ്രാമപഞ്ചായത്ത്,എറണാകുളം .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്